**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 46** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിസന്ധി കാരണം പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 പ്രതിസന്ധി കാരണം വിദേശരാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയ പ്രവാസികൾക്ക് തിരികെ പോകുന്നതിന് പല രാജ്യങ്ങളിലും യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ അവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡ് 19 പ്രതിസന്ധി കാരണം വിദേശത്തേക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് യാത്രാവിലക്കുകൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ air bubble സംവിധാനം വഴി ഇന്ത്യയിൽ നിന്നും തിരിച്ചു പോകുന്ന വിമാനങ്ങളിൽ തിരിച്ച് വന്ന പ്രവാസികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കിയിരുന്നു. വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശ സർവ്വകലാശാലകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും കോവിഡ് വാക്സിൻ ലഭിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് അവരുടെ പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുവാനും നടപടി ആയിട്ടുണ്ട്. യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിന് മുമ്പ് വിമാനടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിമാന കമ്പനികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിന് മുമ്പ് വിമാനടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | കോവിഡ് 19 പ്രതിസന്ധി കാരണം വിദേശത്തേക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് യാത്രാവിലക്കുകൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ air bubble |

| | | | |
|---|---|---|---|
| | | | സംവിധാനം വഴി ഇന്ത്യയിൽ നിന്നും തിരിച്ചു പോകുന്ന വിമാനങ്ങളിൽ തിരിച്ച് വന്ന പ്രവാസികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കിയിരുന്നു. വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശ സർവ്വകലാശാലകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും കോവിഡ് വാക്സിൻ ലഭിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് അവരുടെ പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുവാനും നടപടി ആയിട്ടുണ്ട്. യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിന് മുമ്പ് വിമാനടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിമാന കമ്പനികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | വിദേശത്തേക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) | കോവിഡ് 19 പ്രതിസന്ധി കാരണം വിദേശത്തേക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് യാത്രാവിലക്കുകൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ air bubble സംവിധാനം വഴി ഇന്ത്യയിൽ നിന്നും തിരിച്ചു പോകുന്ന വിമാനങ്ങളിൽ തിരിച്ച് വന്ന പ്രവാസികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കിയിരുന്നു. വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശ സർവ്വകലാശാലകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും കോവിഡ് വാക്സിൻ ലഭിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് അവരുടെ പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുവാനും നടപടി ആയിട്ടുണ്ട്. യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിന് മുമ്പ് വിമാനടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിമാന കമ്പനികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ